**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4414** **18-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുനിരത്തുകളിലെ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൊതു നിരത്തുകളിൽ വൈദ്യുത വാഹന ചാർജിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കേരളത്തിൽ എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>അനെർട്ട് മുഖേന പൊതുനിരത്തുകളിൽ 35 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വകാര്യ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ ഹോട്ടലുകൾ, മാളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ചാർജിങ് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന് വേണ്ടി അനെർട്ട് വികസിപ്പിച്ചെടുത്ത EZ4EV എന്ന Mobile application ചാർജിങ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നതിനു സൗജന്യമായി നൽകിവരുന്നു. ഇത്തരം ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം അനെർട്ടിന്റെ ജില്ലാ ഓഫീസിലൂടെ നൽകി വരുന്നു. |
| (ബി) | ഇന്ധനവില കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയും ഇലക്ട്രിക് വാഹനങ്ങൾക്ക് താൽപര്യക്കാർ വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ വൈദ്യുത വാഹനങ്ങൾക്ക് കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സ്വകാര്യ പങ്കാളിത്തത്തോടെ കെ.എസ്.ഇ.ബി.എൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ പരിഷ്കരിക്കുന്നതിനും പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് വരുന്നു.<br><br>ഇന്ധനവില കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയും ഇലക്ട്രിക് വാഹനങ്ങൾക്ക് താൽപര്യക്കാർ വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ വൈദ്യുത വാഹനങ്ങൾക്ക് കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ PM E Drive പദ്ധതി പ്രകാരം 60 kW ഉം അതിനു മുകളിലും |

| | | | |
|---|---|---|---|
| | | | ശേഷിയുള്ള DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന സംരംഭകർക്ക് charging infrastructure ന ആവശ്യമായ Transformer, Cabling, Meter Board എന്നിവയുടെ വിലയുടെ 80% കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നു. PM E Drive പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. നിലവിൽ DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വലിയ തടസ്സമായി നിൽക്കുന്നത് DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾക്ക് ആവശ്യമായ ഭീമമായ charging infrastructure തുക ആണ്. |
| (സി) | കോട്ടയം ജില്ലയിൽ നിലവിൽ ചാർജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമാണുള്ളത്; കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കോട്ടയം ജില്ലയിൽ നിലവിൽ മൂന്ന് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും അൻപത്തി ഒന്ന് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.-യ്ക്ക് നിലവിൽ പുതിയ പദ്ധതികളില്ല.<br><br>കോട്ടയം ജില്ലയിൽ നിലവിൽ 2 DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളാണ് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. അവയുടെ വിവരം ചുവടെ ചേർക്കുന്നു:<br><br>1. ജോണിവർഗീസ്, വഴിക്കടവ്, വെള്ളിക്കുളം, ടീക്കോയ്, കോട്ടയം – 30 kW DC ഫാസ്റ്റ് ചാർജർ<br>2. ചിന്നു മാത്യു, Peace cottage, വിമല ആശുപത്രിക്കു സമീപം ഏറ്റുമാനൂർ കോട്ടയം 686631 – 60 kW DC ഫാസ്റ്റ് ചാർജർ<br><br>വർദ്ധിച്ചു വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലീസ് വ്യവസ്ഥയിൽ ലഭ്യമാകുന്ന പക്ഷം കോട്ടയം മണ്ഡലത്തിൽ നിലവിലുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾക്ക് പുറമേ E-കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായുള്ള കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. ദേശീയപാത/സംസ്ഥാന പാതയോടു ചേർന്ന് 800 sq.ft മുതൽ 1000 sq.ft വരെ സ്ഥലം Cafeteria, Washroom സൗകര്യത്തോടെ 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണ്. ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60 KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലറുകൾക്കു ഫാസ്റ്റ് |

| | | | |
|---|---|---|---|
| | | | ചാർജ് ചെയ്യുന്നതിനായി 12 KW ശേഷിയുള്ള LECCS മെഷീനും 12 KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കാവുന്നതാണ്. |
| (ഡി) | കെ.എസ്.ഇ.ബി.ക്കു കീഴിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പഞ്ചായത്ത് ആസ്ഥാനമുൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ ആരംഭിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വകാര്യ പങ്കാളിത്തത്തോടെ കെ.എസ്.ഇ.ബി.എൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ പരിഷ്കരിക്കുന്നതിനും പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കോട്ടയം ജില്ലയിൽ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുള്ള വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പട്ടിക

## Fast Charging Stations

| SL No. | Location | Electrical Circle |
|---|---|---|
| 1 | Kottayam East Section | Kottayam |
| 2 | Land adjacent to TMR Division, Pallom | Kottayam |
| 3 | Gandhinagar Section, Kottayam | Kottayam |

## Polemounted charging Stations

| SL No. | Location | Ele Section |
|---|---|---|
| 1 | Near Uzhavoor Church | Maragattupilly |
| 2 | Near KSEB Section | Kidangoor |
| 3 | Opp Ajmal Bismi | Kanjirappally |
| 4 | Near Rajendhra Ground | Ponkunnam |
| 5 | Near BSNL Office | Vazhoor |
| 6 | Kanattupara *(Kizhathadiyoor Location changed) | Pala |
| 7 | Pachathodu | Paika |
| 8 | Near Ramapuram Boys School( Vellilapally) | Ramapuram |
| 9 | Bharanganam | Bharanganam |
| 10 | Vellappadu | Pala |
| 11 | Melukavu | Erattupetta |
| 12 | Cosve | Erattupetta |
| 13 | Panchayat Bus Stand | Poonjar |
| 14 | Kaduvamuzhy | Erattupetta |
| 15 | Galaxy Junction | Mundakayam |
| 16 | Erumeli Charala Road | Erumeli |
| 17 | Parathodu Town | Parathodu |
| 18 | Alampally | Pampady |
| 19 | Changanassery Bypass Road Near Palathra | Changanacherry |
| 20 | Near Bhakthapriya Temple | Changanacherry |
| 21 | Kalayippady Junction | Kurichy |
| 22 | Valiyakulam | Thengana |
| 23 | Perunna Village Office | Changanacherry |
| 24 | Near SH School Kilimala | Thrikodithanam |
| 25 | Near Matha Hospital MC Road, Thellakam | Ettumanoor |
| 26 | Near Solar Park Pala Road ,Mankara kalingu | Ettumanoor |
| 27 | Near Karis Bhavan Ettumanoor-Neendoor Road | Athirampuzha |
| 28 | Pattithanam Roundana | Ettumanoor |
| 29 | Near Medical College | Gandhinagar |
| 30 | Near Attamangalam church | Kumarakom |
| 31 | Opp. St. Meishels School | Kaduthuruthy |
| 32 | Peruva Town | Peruva |
| 33 | Kozha Junction | Kuravilangad |
| 34 | Near N S S Hospital | Karukachal |

f3 15-03-2025 14:30

| | | |
|---|---|---|
| 35 | Near Kurikkattoor Govt. L.P School | Manimala |
| 36 | Samkranthy | Gandhinagar |
| 37 | Chingavanam | Pallom |
| 38 | Manippuzha (Manippuzha-Earayil kadav Road) | Nattakom |
| 39 | T B junction (Near T B transformer) | Kottayam Central |
| 40 | Govt. Polytechnic College, Kottayam | Nattakom |
| 41 | Chalakunne Jun. (New CSI Office) | Kottayam Central |
| 42 | Kanjikuzhi (Near Excice office) | Kottayam East |
| 43 | Thothootty | Ayarkunnam |
| 44 | Puthuppally Church | Puthuppally |
| 45 | Palamuri | Manarcadu |
| 46 | Puthussery IOC Pump | Vakathanam |
| 47 | Near Udayanapuram EX plant | Vaikom |
| 48 | NeerparaJun. | Chempu |
| 49 | Vallakam (Near Sreekrishna Ayurvedic Hospital) | Vaikom |
| 50 | Near cherukulangara Temple | Thalayazham |
| 51 | Pallikkavala Near Carnival Theatre | Thalayolaparambu |